# സാമൂഹിക പ്രത്യാഘാത പഠനം

## കോഴഞ്ചേരി പുതിയ പാലത്തിന്റെ അപ്രോച്ച് റോഡ്
## തോട്ടപ്പുഴശ്ശേരി & കോഴഞ്ചേരി വില്ലേജ്
## 0.0437 ഹെക്ടർ

കരടു റിപ്പോർട്ട്

റിക്വസിഷൻ അധികാരി
പൊതുമരാമത്തു വകുപ്പ്


കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.com

<u>**ഉള്ളടക്കം**</u>

## പഠന റിപ്പോർട്ട് - രത്ന ചുരുക്കം


**1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും**
**2. പദ്ധതി പ്രദേശം**
**3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും**
 **(എ). ഭൂമി ഏറ്റെടുക്കൽ അധികാരി**
 **(ബി). പദ്ധതി ബാധിതരുടെ വിവരങ്ങൾ**
 **(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.**
 **(ഡി). സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം**
**4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർ ദ്ദേശങ്ങൾ**
**5. സാമൂഹിക പ്രത്യാഘാതം**
**6. പ്രത്യാഘാത ലഘൂകരണ നടപടികൾ**
**7. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**


**അനുബന്ധരേഖകൾ**


1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. ഗസറ്റ് നോട്ടിഫിക്കേഷൻ

# സാമൂഹിക പ്രത്യാഘാത പഠനം
# കോഴഞ്ചേരി പുതിയ പാലത്തിന്റെ അപ്രോച്ച് റോഡ്
# 0.0437 ഹെക്ടർ

## പഠന റിപ്പോർട്ട്- രത്ന ചുരുക്കം

### 1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്ക്, തിരുവല്ല താലൂക്കുകളെ ബന്ധിപ്പിച്ചുകൊണ്ട് പമ്പാനദിക്ക് കുറുകെ പാലം നിർമ്മിക്കപ്പെട്ടത് ഉദ്ദേശം അറുപത് വർഷങ്ങൾക്ക് മുമ്പാണ്. പ്രസ്തുത പാലം പത്തനംതിട്ട ജില്ലയെ കോട്ടയം ജില്ലയുമായി ബന്ധിപ്പിക്കുന്നതിന് പ്രധാന പങ്ക് വഹിക്കുകയുണ്ടായി. എന്നാൽ വലിയ ഗതാഗത, വ്യാപാര പ്രാധാന്യം ഉള്ള പാലത്തിന് സമാന്തരമായി ഒരു പാലം നിർമ്മിക്കുന്നു എന്ന ആവശ്യത്തിന് ദശകങ്ങളുടെ പഴക്കം ഉണ്ട്. തിരുവല്ല, കോട്ടയം പ്രദേശങ്ങളിൽ നിന്നും പത്തനംതിട്ട ജില്ലയിലേക്കുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക, ഏഷ്യയിലെ ഏറ്റവും വലിയ ക്രൈസ്തവ കൺവൻഷൻ ആയ മാരാമൺ കൺവൻഷൻ, പ്രശസ്ത ഹിന്ദു മത കൺവൻഷൻ ആയ ചെറുകോൽപ്പുഴ കൺവൻഷൻ എന്നീ കൺവനുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന വലിയ തോതിലുള്ള വാഹന ഗതാഗതത്തിന് സൗകര്യം ഒരുക്കുക, ശബരിമല തീർത്ഥാടനത്തോട് അനുബന്ധിച്ചുള്ള വാഹന ഗതാഗതം സുഗമമാക്കുക, കോഴഞ്ചേരി പട്ടണത്തിലെ ഗതാഗതകുരുക്ക് പരിഹരിക്കുക എന്നീ ലക്ഷ്യത്തോടെയാണ് ഇപ്പോഴുള്ള പാലത്തിന് സമാന്തരമായി, നിർദ്ദിഷ്ട കോഴഞ്ചേരി പുതിയ പാലം വിഭാവനം ചെയ്തിട്ടുള്ളത്. ഉദ്ദേശം 300 മീറ്ററിന് മുകളിൽ വീതയിൽ ഒഴുകുന്ന പമ്പാനദി വർഷത്തിൽ പത്ത് മാസവും ജലസമൃദ്ധമാണ്. കൊടിയ വേനലിൽ നദിയിൽ രൂപപ്പെടുന്ന മണൽ തിട്ടയിലാണ് മുൻപ് പറഞ്ഞ കൺവൻഷനുകൾ നടന്നു വരുന്നത്.

ഇപ്പോഴുള്ള കോഴഞ്ചേരി പാലത്തിന് മുൻപ് ഗതാഗത സൗകര്യത്തിന് വേണ്ടി ജനങ്ങൾ ആശ്രയിച്ചിരുന്നത് കടത്തു വള്ളങ്ങളായിരുന്നു, അക്കാലത്ത് കടത്ത് വള്ളം സേവനം ചെയ്തിരുന്ന കടവുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടാണ് നിർദ്ദിഷ്ട കോഴഞ്ചേരി പുതിയ പാലം നിർമ്മിക്കപ്പെടുന്നത്. പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിലയിരുത്തുന്നതിൽ നിന്നും പദ്ധതി സംബന്ധമായി ജനങ്ങളുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ചതിൽ നിന്നും പദ്ധതിയുടെ പൊതു താൽപ്പര്യ പ്രസക്തി വ്യക്തമാണ്. ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, പുനരധിവാസത്തിനും, സുതാര്യതയ്ക്കും ഉള്ള അവകാശ നിയമം 2013 ഉം അനുബന്ധ വിജ്ഞാപനങ്ങളും അടിസ്ഥാനമാക്കിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾക്കും പദ്ധതി വിധേയമാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ്, സംസ്ഥാന തലത്തിൽ സാമൂഹ്യ പ്രത്യാഘാത പഠനം നടത്താൻ തെരഞ്ഞെടുത്തിരിക്കുന്ന സംഘടനകളിൽ ഉൾപ്പെടുന്ന കേരള വോളന്ററി ഹെൽത്ത് സർവ്വീസിനെ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തുകയുണ്ടായി. ഈ സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ടിന്റെ അടിസ്ഥാനം ഇതാണ്.

### 2. പദ്ധതി പ്രദേശം

കോഴഞ്ചേരി, തിരുവല്ല താലൂക്കുകളെ ബന്ധിപ്പിക്കുന്ന പാലവും, അനുബന്ധ റോഡുമാണ് പദ്ധതി എന്നുള്ളതുകൊണ്ട് തന്നെ രണ്ട് താലൂക്കുകളിലെയും ഭൂമി ഏറ്റെടുക്കലിന് വിധേയമാക്കപ്പെടുന്നുന്നുണ്ട്. കോട്ടയം-പത്തനംതിട്ട (തിരുവല്ല-പത്തനംതിട്ട) റോഡിൽ

കോഴഞ്ചേരി പാലത്തിന് സമാന്തരമായി പഴയ കോഴഞ്ചേരി കടവ് പ്രവർത്തിച്ചിരുന്ന പ്രദേശമാണ് പദ്ധതി പ്രദേശം. പത്തനംതിട്ട ജില്ലയിലെ വളരെ വാണിജ്യ പ്രധാനമായ പട്ടണമാണ് കോഴഞ്ചേരി. ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളും, രാജ്യ വ്യാപകമായി പ്രവർത്തിക്കുന്ന പല സ്വകാര്യ പണം ഇടപാട് സ്ഥാപനങ്ങളും കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ള കോഴഞ്ചേരി, സംസ്ഥാനത്തെ വളരെ പഴക്കം ചെന്ന ഒരു ജനവാസ കേന്ദ്രമാണ്. കൂടാതെ ഏഷ്യയിലെ ഏറ്റവും വലിയ ക്രിസ്തീയ കൺവൻഷനും (മാരാമൺ) ഹിന്ദുമത കൺവഷനും (ചെറുകോൽപ്പുഴ) സമീപസ്ഥമായി നടത്തപ്പെടുന്നു എന്നുള്ളതും കോഴഞ്ചേരിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. കൂടാതെ ആറന്മുള വള്ളം കളി, പമ്പാതീരത്തുള്ള നാൽപതോളം പള്ളിയോട സമിതികൾ (ചുണ്ടൻ വള്ളങ്ങൾ ഉടമസ്ഥതയിലും, കൈവശത്തിലും ഉള്ളതും അവയുടെ സംരക്ഷണം ലക്ഷ്യം വച്ചുള്ളതുമായ പ്രാദേശിക കുടുംബ കൂട്ടങ്ങൾ) അവയുടെ സംരക്ഷണത്തിലുള്ള 14-ഓളം പള്ളിയോടങ്ങൾ എന്നിവ എല്ലാം കോഴഞ്ചേരിയുടെയും സമീപ പ്രദേശങ്ങളുടെയും പ്രാധാന്യം വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്.

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന പ്രദേശം പഴയ കോഴഞ്ചേരി കടവിന്റെ ഭാഗമായതിനാൽ, സർക്കാർ ഭൂമി, സ്വകാര്യ ഭൂമി, കൈയ്യേറ്റം, വാണിജ്യ ഭൂമി, താമസസ്ഥലം, മതസംഘടനാ സ്ഥലം, പൊതുസ്ഥാപന സ്ഥലം എന്നീ വിഭാഗങ്ങളിൽപ്പെടുന്ന സ്ഥലങ്ങൾ ഏറ്റെടുക്കൽ ഭൂമിയിൽ ഉൾപ്പെടുന്നുണ്ട്. എം.സി റോഡിൽ (സംസ്ഥാന പാത ഒന്ന്) നിന്നും (തിരുവല്ല) 16 കിലോമീറ്ററും, പത്തനംതിട്ട ജില്ലാ ആസ്ഥാനത്ത് നിന്ന് 22 കിലോമീറ്ററും, കോട്ടയം പട്ടണത്തിൽ നിന്ന് 40 കിലോമീറ്ററും ദൂരെയായി പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നു.

### 3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

#### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ ഓഫീസ് (ഭൂമി ഏറ്റെടുക്കൽ), പത്തനംതിട്ട ആണ് പദ്ധതി സംബന്ധമായ ഭൂരേഖകൾ തയ്യാറാക്കിയതും, ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ആരംഭിച്ചതും. ഉദ്ദേശം ഒരു വർഷം മുമ്പ് ആരംഭിച്ച നടപടികൾ ചില സാങ്കേതിക കാരണങ്ങളാൽ നീണ്ടു പോവുകയായിരുന്നു. പദ്ധതിക്ക്വേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ നടപ്പാക്കൽ ഏജൻസി അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ)ആണ് നടപടികൾ നിയന്ത്രിക്കുന്നത്. .

#### (ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

ഭൂമി, കച്ചവട സ്ഥാപനം, വീട് എന്നിവ നഷ്ടപ്പെടുന്ന 15-ഓളം ഭൂഉടമസ്ഥരും, ഭൂഉടമസ്ഥരല്ലാത്തവരും ചേരുന്നതാണ് പദ്ധതിയുടെ നേരിട്ടുള്ള പദ്ധതിബാധിതർ. സർക്കാർ ഭൂമിയിൽ വർഷങ്ങളായി വീട് വച്ച് കഴിയുന്ന ഒരു കുടുംബത്തിന്റെ വീട് നഷ്ടപ്പെടുന്നു എന്നുള്ളതാണ് പദ്ധതിയുടെ പ്രധാന പ്രത്യാഘാതം. പുറമ്പോക്ക് ഭൂമിയിൽ അച്ഛൻ നിർമ്മിച്ച വീട്ടിൽ കഴിഞ്ഞു വരുന്ന സഹോദരി-സഹോദര കുടുംബങ്ങളെയാണ് വീട് നഷ്ടത്തിലൂടെ പദ്ധതി ബാധിക്കുന്നത്. കൂടാതെ തിരുവല്ല താലൂക്ക് പരിധിയിൽ ഉള്ള ആറ് ഭവനങ്ങളുടെയും, ഒരു മതസ്ഥാപന കെട്ടിടത്തിന്റെയും പ്രവേശന മാർഗ്ഗങ്ങൾ തടസ്സപ്പെടാൻ സാധ്യത ഉണ്ട്. കൂടാതെ കോഴഞ്ചേരി പഞ്ചായത്ത് വക കെട്ടിടത്തിലും സ്ഥലത്തും വ്യാപാരം ചെയ്ത് വരുന്ന 20 ഓളം വ്യാപാരികളെയും, പോസ്റ്റോഫീസിന്റെ പ്രവേശന മാർഗ്ഗത്തെയും പദ്ധതി ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

കോഴഞ്ചേരി പള്ളിയോടം സമിതിയുടെ പള്ളിയോടം സൂക്ഷിക്കുന്ന പള്ളിയോടം വക സ്ഥലവും ഷെഡും പദ്ധതി ബാധിതമാണ്. കൂടാതെ പമ്പാനദിയിലൂടെ യാത്ര ചെയ്യുന്ന, കൊണ്ടു വരപ്പെടുന്ന പള്ളിയോടങ്ങൾ, കടത്തു വള്ളങ്ങൾ എന്നിവയുടെ സുഗമയാത്രയായ്ക്ക് സൗകര്യപ്രദമായി പാലം നിർമ്മാണം നടത്തേണ്ടതുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ പള്ളിയോടങ്ങളുടെ ഉടമസ്ഥതയുള്ള പള്ളിയോട സമിതികളേയും, പമ്പാനദിയിൽ വള്ളം ഉപയോഗിച്ച് മീൻപിടുത്തം മറ്റ് ജീവനോപാധികൾ എന്നിവ നടത്തുന്നവരേയും, പദ്ധതി നേരിട്ടല്ലാതെ ബാധിക്കുന്നവരായി കണക്കാക്കാവുന്നതാണ്.

**(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.**

പദ്ധതിക്കുവേണ്ടി 0.0437 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. തിരുവല്ല, കോഴഞ്ചേരി താലൂക്ക് പരിധിയിൽ വരുന്ന പമ്പാ നദിയോട് ചേർന്ന് സ്ഥിതിചെയ്യുന്നതും, പഴയ കോഴഞ്ചേരി കടവ് നിലനിന്നിരുന്നതുമായ സ്ഥലമാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. താമസസ്ഥലം, കൈവശസ്ഥലം, സർക്കാർ ഭൂമി, പഞ്ചായത്ത് സ്ഥലം, സ്വകാര്യ, വ്യാപാര സ്ഥലം, സമുദായ സംഘടനാ സ്ഥലം, പൊതുസ്ഥാപന സ്ഥലങ്ങൾ, പള്ളിയോട സമിതിയുടെ ഉടമസ്ഥതയിലും, കൈവശത്തിലുമുള്ള സ്ഥലം എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി ഏറ്റെടുക്കുന്ന ഭൂമി സ്ഥിതി ചെയ്യുന്നു. വയൽ, കൃഷി ഭൂമി വിഭാഗങ്ങളിൽപ്പെട്ട വസ്തുക്കൾ പദ്ധതി ബാധിതമായി കണ്ടെത്തിയിട്ടില്ല. കൂടാതെ തിരുവല്ല താലൂക്കിൽ ഉൾപ്പെടുന്ന പദ്ധതി പ്രദേശം, മാരാമൺ കൺവൻഷൻ നടക്കുന്ന മണൽ തിട്ടയിലേക്കുള്ള പ്രവേശന മാർഗ്ഗം എന്ന നിലയിൽ വലിയ വാണിജ്യ പ്രാധാന്യം ഉള്ള സ്ഥലമാണ്.

**(ഡി). സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം**

സാമൂഹിക-സാമ്പത്തിക-സാംസ്കാരിക വിതരണം സൂചിപ്പിക്കുന്നത് പദ്ധതി ബാധിതർ എല്ലാം സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ഉള്ളവരല്ലാ എന്നും, വിദ്യാഭ്യാസ നിലവാരത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസമോ അതിന് മുകളിലോ ലഭ്യമായിട്ടുള്ളവരും ആണ് എന്നാണ് പദ്ധതി ബാധിതരിൽ 90% ക്രിസ്ത്യാനികളും ശേഷിക്കുന്നവർ ഹിന്ദുക്കളുമാണ്. സാമ്പത്തിക വിതരണം സൂചിപ്പിക്കുന്നത് പദ്ധതി ബാധിതർ എല്ലാവരും തന്നെ ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവരാണ് എന്നാണ്. പദ്ധതി ബാധിതരായ ഭൂഉടമസ്ഥരുടെ തൊഴിൽ വിതരണം വ്യക്തമാക്കുന്നത് രണ്ട് പേർ സർക്കാർ ജോലിക്കാരും 2 പേർ ഇന്ത്യൻ പ്രതിരോധ മേഖലയിൽ നിന്നും വിരമിച്ചവർ ആണ് എന്നുമാണ്. 2 പേർ ഗവൺമെന്റ് സർവ്വീസിൽ നിന്നും വിരമിച്ചവരും 6 പേർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരും, ശേഷിക്കുന്നവർ സ്വന്തം വ്യാപാര-വ്യവസായങ്ങളോ തൊഴിലുകളോ ചെയ്യുന്നവരുമാണ്. കുടുംബാംഗങ്ങളുടെ വിതരണം സൂചിപ്പിക്കുന്നത് 80% കുടുംബങ്ങളും അഞ്ചോ അതിൽ താഴെയോ അംഗങ്ങൾ ഉള്ളവയാണ് എന്നാണ്. വീടുകളുടെ അവസ്ഥ വ്യക്തമാക്കുന്നത് എല്ലാ പദ്ധതി ബാധിതരും ഓടോ, വാർക്കയോ മേർക്കൂരകളുള്ള വീടുകളുടെ ഉടമസ്ഥരാണ് എന്നാണ്. പദ്ധതി ബാധിത ഭൂഉടമസ്ഥരിൽ ആരും തന്നെ പട്ടിക ജാതി- പട്ടിക വർഗ്ഗ വിഭാഗത്തിൽ പ്പെടുന്നതായി കാണുന്നില്ല.

**4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർ ദ്ദേശങ്ങൾ**

| ക്രമ നം. | ബദൽ നിർദ്ദേശങ്ങൾ | വിശദീകരണം |
|---|---|---|
| 1 | ഇപ്പോഴുള്ള കോഴഞ്ചേരി പാല ത്തിന് സമീപത്തായി പുതിയ | വലിയ തോതിൽ പുനരധിവാസ പ്രവർത്ത നങ്ങൾ ആവശ്യമാണ്. 30 ഓളം വ്യാപാര |

| | | |
|---|---|---|
| | പാലം നിർമ്മിക്കുക. | വ്യവസായ സ്ഥാപനങ്ങളും ബഹു നില കെട്ടിടങ്ങളും ഒഴിപ്പിക്കേണ്ടിവരുന്നു. |
| 2 | ഇപ്പോഴുള്ള പാലത്തിന്റെ കിഴക്ക് ഭാഗത്തായി പുതിയ പാലം നിർമ്മിക്കുക. | നാല് വീടുകളും 16 വ്യാപാര സ്ഥാപനങ്ങളും, 2 ബഹു നില കെട്ടിടങ്ങളും ഒഴിപ്പിക്കേണ്ടിവരും. |

**5. സാമൂഹിക പ്രത്യാഘാതം**

ദശകങ്ങളായി സർക്കാർ ഭൂമി കൈവശം വച്ച് അതിൽ ഭവന നിർമ്മാണം നടത്തി താമസിച്ചു വരുന്ന ഒരു കുടുംബത്തിന്റെ ഭവന നഷ്ടം, പത്തോളം വരുന്ന ഭൂ ഉടമസ്ഥരുടെ ഭൂമി നഷ്ടവും വീടുകളിലേക്ക് ഉള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടവും പൊതു സ്ഥാപനമായ മാരാമൺ എൽ.പി. സ്കൂളിന്റെ അങ്കണ നഷ്ടം, കോഴഞ്ചേരി പോസ്റ്റോഫീസിന്റെ ഭൂമി നഷ്ടം, പഞ്ചായത്ത് കെട്ടിടത്തിലും സ്ഥലത്തും വ്യാപാരം ചെയ്യുന്ന കച്ചവടക്കാരുടെ കച്ചവടത്തിന്റെ ഒഴിപ്പിക്കലും തുടർന്നുള്ള വ്യാപാര നഷ്ടവും, കോഴഞ്ചേരി പള്ളിയോടം സംരക്ഷിക്കുന്ന ഷെഡിന്റെ നഷ്ടം എന്നിവയാണ് പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതയായി കണക്കാക്കിയിട്ടുള്ളത്. എന്നാൽ സമീപസ്ഥമായി നാല് കടവുകളും, കടത്തുകളും പ്രവർത്തിക്കുന്ന കോഴഞ്ചേരി ആറാട്ടുകടവ് പമ്പാ നദി ഭാഗത്ത് നിർമ്മിക്കപ്പെടുന്ന പാലം, ഈ പ്രദേശത്ത് ഗതാഗത സൗകര്യം ഗണ്യമായി വർദ്ധിപ്പിക്കാൻ പര്യാപ്തമാണ്. എന്നാൽ ഇപ്പോഴത്തെ കോഴഞ്ചേരി പാലത്തിന്റെയും പുതുതായി പണിയുന്ന പാലത്തിന്റെയും പില്ലറുകൾ (തൂണുകൾ) വലിയ ചുണ്ടൻ വള്ളങ്ങൾക്ക് പമ്പയാറ്റിലൂടെ സുഗമമായി കടന്നുപോകത്തക്ക വിധം നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. നാൽപ്പത് പള്ളിയോട സമിതികളും 14 പള്ളിയോടങ്ങളും ഉള്ള പമ്പാ നദിയുടെ പ്രദേശത്ത് പാലം നിർമ്മാണം നടത്തുമ്പോൾ, പള്ളി ഓടങ്ങളുടെ സുഗമമായ സഞ്ചാരം ഉറപ്പ് വരുത്തിക്കൊണ്ട് വേണം നടപ്പാക്കേണ്ടത്. പദ്ധതി ബാധിക്കപ്പെടുന്ന പഞ്ചായത്ത് കെട്ടിടത്തിലും പഞ്ചായത്ത് സ്ഥലത്തും സ്വയമായും മറ്റുള്ളവരുടെ വ്യാപാരത്തിൽ പങ്കാളി ആകും, ജോലിക്കാരനായും ഉപജീവനം കഴിക്കുന്ന ആളുകളുടെ പുനരധിവാസം ഉറപ്പ് വരുത്തേണ്ടത് അത്യാവശ്യമാണ്. പദ്ധതി നടപ്പാക്കുന്നത് മാരാമൺ കൺവൻഷൻ മണപ്പുറത്തേക്ക് ഉള്ള പ്രവേശന വഴി ഉൾപ്പെടുന്ന പ്രദേശത്താണ്. ഈ പ്രവേശന വഴികൾക്ക് തടസ്സം സൃഷ്ടിക്കാത്ത രീതിയിലുള്ള നിർമ്മാണങ്ങൾ പ്രത്യാഘാത ലഘുകരണത്തിന് സഹായകരമാണ്. കേരളത്തിന്റെ പ്രത്യേകിച്ച് മധ്യ തിരുവിതാംകൂർ പ്രദേശത്തിന്റെ ജീവനാഡിയായ പമ്പാ നദിയുടെ ഒഴുക്കിനേയും, തീര പ്രദേശത്തെ ജൈവ പ്രകൃതിയെയും ബാധിക്കാതെ പദ്ധതി നിർവ്വഹണം സാധ്യമാവേണ്ടതാണ്.

എല്ലാ വർഷവും നടക്കുന്ന പള്ളിയോട മത്സരങ്ങൾ, ആറമുള്ള വള്ള സദ്യ, ചെറുകോൽപുഴ ഹിന്ദുമത കൺവൻഷൻ, മാരമൺ കൺവൻഷൻ എന്നീ സാകേതിക പരിപാടികൾക്ക് പമ്പാനദിയും പമ്പയുടെ മണൽത്തിട്ടകളും, പമ്പയിലൂടെ യാത്രയാകുന്ന പള്ളിയോടങ്ങളും പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഈ സാംസ്കാരിക പരിപാടികൾക്ക് യാതൊരുവിധ പ്രതിബന്ധങ്ങളും സൃഷ്ടിക്കപ്പെടാൻ പദ്ധതി കാരണമാകുവാൻ പാടില്ല.

**6. പ്രത്യാഘാത ലഘൂകരണ നടപടികൾ**

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | താമസ ഭവനങ്ങളുടെ നഷ്ടം | നഷ്ടപരിഹാരം പുനരധിവാസം | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെ |

| | | | |
|---|---|---|---|
| | | | ങ്കിൽ ഇളവ് നൽകുക. |
| 2. | ഭൂമിയുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 3. | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 4. | കെട്ടിടങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെ ങ്കിൽ ഇളവ് നൽകുക. |
| 5. | കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം പുനസ്ഥാപനം | നഷ്ട പരിഹാരം നൽകുക<br>ഓരോ പദ്ധതി ബാധിതരെയും പ്രത്യേ കമായി പരിഗണിക്കുക.കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെ ങ്കിൽ ഇളവ് നൽകുക. |
| 6. | ചമയങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 7. | ചമയങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 8 | പള്ളിയോടങ്ങളുടെ യാത്രയിൽ ഉണ്ടാകാവുന്ന തടസ്സം | നിയന്ത്രണം | പള്ളിയോട സമിതികളുമായി കൂട്ടായ ചർച്ച |
| 9 | സാംസ്കാരിക ആഘോഷങ്ങൾക്കുവേ ണ്ടി പള്ളിയോടങ്ങൾ ഉപയോഗപ്പെടുത്തുന്ന തിലുണ്ടാകുന്ന തടസ്സങ്ങൾ | നിയന്ത്രണം | പള്ളിയോട സമിതികളുമായി കൂട്ടായ ചർച്ച |
| 10 | വീടുകളിലേക്കും ഭൂമി യിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടു ത്തുക. |
| 11 | ഇടറോഡിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങ ളുടെ നഷ്ടം | നിയന്ത്രണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടു ത്തുക. |
| 12 | മരങ്ങളുടെ നഷ്ടം | നഷ്ട പരി ഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകു കയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 13 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നട പടിക്രമങ്ങളിൽ ഉൾപ്പെ ടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിത രുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |

| | | | |
|---|---|---|---|
| 14 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

### 7. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

തിരുവല്ല - കോഴഞ്ചേരി താലൂക്കുകളെ ബന്ധിപ്പിച്ച് ഇപ്പോഴുള്ള കോഴഞ്ചേരി പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്ന പദ്ധതി, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുള്ള നിയമം 2013 ഉം 2015 ൽ കേരള സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങളും പ്രകാരം പൊതുതാല്പര്യ പദ്ധതിയിൽ പെടുത്തി സാമൂഹ്യപ്രത്യാഘാത പഠനത്തിന് സമർപ്പിച്ചിരിക്കുന്നു.

പദ്ധതി സംബന്ധമായി പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് അറിവുള്ളതും പദ്ധതിയുടെ ആവശ്യകതയെക്കുറിച്ച് ബോധ്യമുള്ളതുമാണ് എന്ന് വിലയിരുത്താവുന്നതാണ്. കോഴഞ്ചേരി പട്ടണത്തിന്റെ പ്രാധാന്യം, പദ്ധതി പ്രദേശത്തെ സാംസ്കാരിക പ്രവർത്തനങ്ങളുടെ ധാരാളിത്തം, പദ്ധതി റോഡ് ഗാതാഗത രംഗത്ത് ഉണ്ടാക്കാവുന്ന നേട്ടങ്ങൾ എന്നിവ പരിഗണിക്കുമ്പോഴും ബദൽ നിർദ്ദേശങ്ങളുടെ സാധ്യതകുറവും, പദ്ധതിയുടെ പൊതു സ്വീകാര്യകതയും സൂചിപ്പിക്കുന്നത് പദ്ധതിയുടെ ഉയർന്ന തലത്തിലുള്ള പൊതുതാല്പര്യ പ്രസക്തിയെയാണ് എന്ന് കണക്കാക്കാവുന്നതാണ്.

പദ്ധതിയുടെ ബദൽ നിർദ്ദേശങ്ങൾ വളരെ ഒറ്റപ്പെട്ട നിലയിൽ സമർപ്പിക്കപ്പെട്ടു എങ്കിലും, അവയുടെ പ്രാഥമിക വിലയിരുത്തലിൽ തന്നെ പദ്ധതിയേക്കാൾ സാമൂഹ്യ പ്രത്യാഘാതം സൃഷ്ടിക്കപ്പെടുന്നതും, പൊതു ജനോപകാര സൂചികയിൽ പദ്ധതിക്ക് താഴെ മാത്രം വില രേഖപ്പെടുത്തുന്നതുമാണ് എന്ന് കണ്ടെത്തുകയുണ്ടായി.

മേൽപറഞ്ഞ വിശകലനങ്ങളും പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാതവും അതിന്റെ ലഘൂകരണ സാധ്യതകളും വിലയിരുത്തുമ്പോൾ പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാതത്തെ ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്.

ദശകങ്ങളായി പദ്ധതി പ്രദേശത്ത് താമസിച്ചുവരുന്ന ഒരു ഭവനത്തിന്റെ പുനരധിവാസമാണ് പദ്ധതിയുടെ പ്രത്യാഘാത ലഘൂകരണ നടപടികളിൽ പ്രഥമസ്ഥാനത്ത് കണക്കാക്കേണ്ടത്, ഒന്നിൽ കൂടുതൽ കുടുംബ യൂണിറ്റുകൾ, ഏറ്റെടുക്കുന്ന ഭവനത്തിൽ കഴിയുന്നു എന്നുള്ളതും അതിൽ ഒന്ന് സ്ത്രീ കുടുംബനാഥയായ കുടുംബം ആണ് എന്നുള്ളതും, പുനരധിവാസ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

വർഷങ്ങളായി പദ്ധതി പ്രദേശത്ത് താമസിക്കുന്നു എന്നുള്ളതും, പ്രദേശത്തെ താമസത്തിലൂടെ വർഷാ വർഷം നടക്കുന്ന സാംസ്കാരിക പരിപാടികളുടെ സമയത്ത് ലഭ്യമാകുന്ന വലിയ തോതിലുള്ള വരുമാനം, പദ്ധതി ബാധിതാ കുടുംബത്തിന് മറ്റ് ഭൂ ഉടമസ്ഥതയില്ല എന്നവാദം രണ്ട് കുടുംബ യൂണിറ്റുകൾ ഒന്നിച്ചുകഴിയുന്നു എന്ന വെളിപ്പെടുത്തൽ എന്നിവ നഷ്ടപരിഹാര നിർണ്ണയത്തിലും പുനരധിവാസ പദ്ധതി രൂപപ്പെടുത്തുന്നതിലും കണക്കിലെടുക്കുന്നത് പ്രത്യാഘാത ലഘൂകരണത്തിന് സഹായകരമാണ്.

പദ്ധതി ബാധിതരായ പല ഭൂഉടമസ്ഥരുടെയും താമസ ഭവനങ്ങളിലേക്കുള്ള പ്രവേശ മാർഗ്ഗങ്ങളെ പദ്ധതി ബാധിക്കാൻ സാധ്യത ഉണ്ട്. പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപനം പദ്ധതി

നടപ്പാക്കാൽ രൂപ രേഖയിൽ ഉൾപ്പെടുത്തുന്നത് പദ്ധതി ബാധിതരുടെ ആശങ്ക അകറ്റാൻ സഹായകരമാണ്.

പദ്ധതി സംബന്ധമായി പൊതുജനങ്ങൾക്ക് ഉള്ള സംശയങ്ങൾ, ആശങ്കകൾ എന്നിവ അകറ്റുന്നതിന് പദ്ധതി ബാധിതർക്കു വേണ്ടി പദ്ധതി വിശദീകരണ സൗകര്യങ്ങൾ നടപ്പാക്കൽ ഏജൻസി സംഘടിപ്പിക്കുന്നത് പ്രത്യാഘാത ലഘൂകരണത്തിന് അനാവശ്യ പ്രചാരണങ്ങൾ ഇല്ലാതാകുന്നതിനും സഹായകരമാണ്.

പദ്ധതി ബാധിക്കുന്ന പൊതു സ്ഥാപനങ്ങളായ ലോവർ പ്രൈമറി സ്കൂൾ, പോസ്റ്റാഫീസ് എന്നിവയുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തി സാധ്യമെങ്കിൽ തൽസ്ഥാനത്ത് തുടരാൻ അനുവദിക്കുന്നത് പൊതുജനോപകാര പ്രദമായിരിക്കും എന്ന് കണക്കാക്കാവുന്നതാണ്.

കോഴഞ്ചേരി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടങ്ങളിലും സ്ഥലത്തും പ്രവർത്തിക്കുന്ന പല വ്യാപാര സ്ഥാപനങ്ങളെയും പദ്ധതി ബാധിക്കുന്നുണ്ട്. ഇപ്രകാരം ജീവിതോപാധി നഷ്ടപ്പെടുന്ന വ്യാപാരികളുടെ പുനരധിവാസം പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഉറപ്പ് വരുത്തുന്നത് പ്രത്യാഘാത ലഘൂകരണത്തെ സഹായിക്കുന്നു.

കോഴഞ്ചേരി പള്ളിയോടം സംരക്ഷിക്കുന്നതിനുവേണ്ടി പള്ളിയോട സമിതി നിർമ്മിച്ചിരിക്കുന്ന ഷെഡ് പദ്ധതി ബാധിതമാണ്. പള്ളിയോടങ്ങളുടെ സാംസ്കാരിക പ്രാധാന്യവും പൊതുതാല്പര്യവും കണക്കിലെടുത്ത് ജനകീയ അഭിപ്രായ അടിസ്ഥാനത്തിൽ പുനസ്ഥാപന രൂപരേഖ തയ്യാറാക്കുന്നത് പദ്ധതിയുടെ ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് സഹായകരമാണ്.

പമ്പാ നദിയുടെ സാംസ്കാരിക പ്രാധാന്യം, നദീതീരത്ത് പ്രവർത്തിക്കുന്ന നാല്പതോളം പള്ളിയോട സമിതികളുടെ പ്രവർത്തനങ്ങൾ, സാംസ്കാരികവും, സാമുദായികവും, മതപരവും ആയ പരിപാടികൾക്ക് വേണ്ടി പമ്പാനദിയിലൂടെ സുഗമമായി യാത്ര ചെയ്യേണ്ട പള്ളിയോടങ്ങൾ, വിവിധ പള്ളിയോട സമിതികളുടെ ഉടമസ്ഥാതയിലുള്ള പതിനാലോളം ചുണ്ടൻ വള്ളങ്ങൾ അവയുടെ സുഗമമായ യാത്ര, പമ്പാ നദിയിൽ എല്ലാ വർഷവും നടക്കുന്ന വള്ളംകളി മത്സരം നദീ തീരത്തിന്റെ പാരിസ്ഥിതിക പ്രാധാന്യം ഇവ എല്ലാം കണക്കാക്കിയുള്ള പദ്ധതി രൂപീകരണം പദ്ധതിയുടെ ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും പദ്ധതി മൂലം പദ്ധതി പ്രദേശത്തെ സാംസ്കാരിക പ്രാധാന്യം ബാധിക്കപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും സഹായകരമാണ്.

പദ്ധതിയുടെ സമയ ബന്ധിതമായ പൂർത്തീകരണം എല്ലാ തരത്തിലുമുള്ള സാമൂഹിക പ്രത്യാഘാതത്തെയും കുറയ്ക്കാൻ പര്യാപ്തമാണ്. പദ്ധതി ബാധിതരുടെയും ജന പ്രതിനിധികളുടെയും, പൊതുജനങ്ങളുടെയും ഇടയിൽ പദ്ധതി സംബന്ധമായ ഇപ്പോഴുള്ള പൊതുതാൽപ്പര്യം നിലനിർത്തുന്നത് പദ്ധതിയുടെ പ്രത്യാഘാതം ഇല്ലായ്മ ചെയ്യുന്നതിന് സഹായകരമാണ്.

പദ്ധതിയുടെ പൊതുതാൽപ്പര്യം പദ്ധതി മൂലം ഉണ്ടാകുന്ന പ്രയോജനവും ഉണ്ടാകാവുന്ന സാമൂഹിക പ്രത്യാഘാതത്തേക്കാൾ വളരെ വലുതായതു കൊണ്ടും നിയമം അനുശാസിക്കുന്ന പുനരധിവാസ പുനർവാസ നടപടിക്രമങ്ങളിലൂടെ പ്രത്യാഘാതത്തെ കുറയ്ക്കാനോ, ഇല്ലായ്മ ചെയ്യുവാനോ സാധിക്കും എന്നതിനാലും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ നിയമം 2013

(30-2013) സെക്ഷൻ 2(1)(ബി)(iii) പ്രകാരം പൊതു താൽപ്പര്യ പദ്ധതിയായി കണക്കാക്കാവുന്നതും ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകാവുന്നതും ആണ്.

**സാജു. വി. ഇട്ടി**
**ചെയർമാൻ**
**സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ്**
**കേരള വോളന്ററി ഹെൽത്ത് സർവ്വീസസ്**

**അനുബന്ധരേഖകൾ**

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. ഗസറ്റ് നോട്ടിഫിക്കേഷൻ

## <u>പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ</u>

| ക്രമ നം. | പേരും മേൽവിലാസവും | സർവ്വേ നമ്പർ |
|---|---|---|
| 1. | ട്രസ്റ്റി, എം.റ്റി, എൽ.പി.സ്കൂൾ, പ്രാർത്ഥനാലയം ഹാൾ | 372 /6 |
| 2. | Late. കെ.എം.തോമസ്, കൈതമംഗലം, മാരാമൺ<br>അവകാശികൾ<br>മോനുജികെ.ചെറിയാൻ<br>തോമസ് കെ.മാത്യുസ്<br>സൂസൻ റോണി മാത്യൂസ് | 372/8 |
| 3. | കെ.എൻ.ശാന്തമ്മ<br>കൈതമംഗലം<br>മാരാമൺ പി.ഒ | 372/9-3 |
| 4. | കെ.എൻ.ഗോപാലകൃഷ്ണൻ<br>കൈതമംഗലം<br>മാരാമൺ പി.ഒ | 372/9-3 |
| 5. | അച്യുതൻ നായർ<br>കൈതമംഗലം<br>മാരാമൺ പി.ഒ | 372/9-1 |
| 6. | ശിവരാമൻ നായർ<br>കൈതമംഗലത്ത്<br>മാരാമൺ പി.ഒ<br>അവകാശികൾ<br>പി.ജി.തങ്കമണി, ഹരികുമാർ, ശ്രീകുമാർ | 372/9-1 |
| 7. | മലങ്കര മർ ത്തോമ സുവിശേഷ<br>നെടുംപ്രയാർ മുറിയിൽ<br>സംഘത്തിനുവേണ്ടി ട്രസ്റ്റി | 376/4 |
| 8. | ഐപ്പ് കുരുവിള, കുരുവിള തോമസ്<br>പാലക്കുന്നത്ത്, പച്ചംകളത്തായ<br>മണിയിലേത്ത്, മാരാമൺ, തോട്ടപ്പുഴശ്ശേരി<br>നെടുംപ്രയാർ | 376/2 |
| 9 | മാത്യു തോമസ്, തോമസ് തോമസ്,<br>ടൈറ്റസ് തോമസ് പാലക്കുന്നത്ത്,<br>നെടുംപ്രയാർ | 376/6 |
| 10 | എം.സി.മാത്യു, മേപ്രത്ത് സന്തോഷ് വില്ല,<br>മാരാമൺ പി.ഒ, നെടുംപ്രയാർ | 376/5 |
| 11 | ഈശോ വർഗ്ഗീസ്, എം.ഇ വർഗ്ഗീസ്,<br>മൂത്തേടത്ത്, പുല്ലാട്, കോയിപ്രം | 376/13 |
| 12. | തോമസ് കെ മാത്യൂസ്, കൈതമംഗലം, | 376/14 |

| | | |
|---|---|---|
| | സി.വി.പി.ടവർ, തിരുവല്ല | |
| 13. | അന്നമ്മ സി.റ്റി<br>ചേപ്പള്ളിൽ മറ്റയ്ക്കൽ<br>മാരാമൺ പി.ഒ | പുറംപോക്ക് |
| 14. | ജയ്നമ്മ ജോർജ്ജ്<br>ചേപ്പള്ളിൽ മറ്റയ്ക്കൽ<br>മാരാമൺ പി.ഒ | പുറംപോക്ക് |
| 15. | പഞ്ചായത്ത് വക സ്ഥലം | 281/5, 281/6 |
| 16. | പോസ്റ്റോഫീസ് | 281/2 |
| 17 | വിജയനാചാരി | 281/3-2,<br>281/4-3 |

PHOTO GALLERY
















MATHA
Chicken Centre
Retail & Wholesale


POST OFFICE







©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2019 ഡിസംബർ 10<br>10th December 2019<br>1195 വൃശ്ചികം 24<br>24th Vrischikam 1195<br>1941 അഗ്രഹായനം 19<br>19th Agrahayana 1941 | നമ്പർ<br>No. | 49 |

## PART III

## Commissionerate of Land Revenue